**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6072** **09-11-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഇറിഗേഷൻ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഇറിഗേഷൻ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി, പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, (പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തിരിച്ച്) എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്ന വിവരം പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ? | (ബി) | ഇറിഗേഷൻ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി, പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, (പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തിരിച്ച്) എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | പുരോഗതി |
|---|---|---|---|---|---|
| 1 | ശുചീകരണവും കാന (drain) നിർമ്മാണവും സൗന്ദര്യവത്ക്കരണവും സീ വ്യൂ വാർഡ് ആലപ്പുഴ മുനിസിപ്പാലിറ്റി, ആലപ്പുഴ നിയോജകമണ്ഡലം | 475.00 | | ആലപ്പുഴ | Work in Progress (70%) |
| 2 | ബഡ്ജറ്റ് വർക്ക് 2018-19 ഗിരിരാജൻചിറ, പന്നക്കൻചിറ, എടച്ചിറ, പരുത്തേച്ചിറ എന്നിവയുടെ സംരക്ഷണ വേലകൾ, നെഹ്രൂട്രോഫി വാർഡ് ആലപ്പുഴ മുനിസിപ്പാലിറ്റി, ആലപ്പുഴ നിയോജകമണ്ഡലം | 800.00 | | ആലപ്പുഴ | Work in Progress (5%) |
| 3 | ബഡ്ജറ്റ് വർക്ക് 2018-19 തോണ്ടൻകുളങ്ങര ക്ഷേത്രകുളത്തിന്റെ നവീകരണവേലകൾ - ആലപ്പുഴ മുനിസിപ്പാലിറ്റി, ആലപ്പുഴ നിയോജകമണ്ഡലം | 50.00 | | ആലപ്പുഴ | Work in Progress (80%) |
| 4 | MLA-ADF 2019-20 ആൽഫാ കോളേജ് മുതൽ തോപ്പിൽ ലൈൻ വരെ കാന നിർമ്മാണം - ആലപ്പുഴ മുനിസിപ്പാലിറ്റി, ആലപ്പുഴ നിയോജകമണ്ഡലം | 15.00 | | ആലപ്പുഴ | TS is pending. Due to insufficient gradient for the proper drain. Now the realignment of drain is being finalised |
| 5 | MLA-ADF 2019-20 ഐ.റ്റി.സി. കുളത്തിന്റെ നവീകരണ വേലകൾ വാർഡ് -22 മണ്ണഞ്ചേരി പഞ്ചായത്ത് ആലപ്പുഴ നിയോജകമണ്ഡലം | 25.00 | മണ്ണഞ്ചേരി | | Work completed |
| 6 | ബഡ്ജറ്റ് വർക്ക് 2019-20 കൈതത്തിൽ കുളത്തിന്റെ നവീകരണവേലകൾ ആര്യാട് | 100.00 | ആര്യാട് | | Work in progress (15%) |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് ആലപ്പഴ മുനിസിപ്പാലിറ്റി, ആലപ്പുഴ നിയോജകമണ്ഡലം | | | | |
| 7 | ശ്യാമപ്രസാദ് മുഖർജി അർബൻമിഷൻ പ്രോജക്ട് മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കരിക്കാട് വടക്കേടത്ത് തോടിന്റെ ആഴം കൂട്ടലും കരകളുടെ സംരക്ഷണവും | 84.00 | മാരാരിക്കുളം വടക്ക് പഞ്ചായത്ത് | | Work in progress (65%) |

**ആലപ്പഴ നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ലക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

1. ആലപ്പഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) തീരദേശസംരക്ഷണത്തിന് വേണ്ടി 34 പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 49.856 കോടി രൂപയുമാണ് കിഫ്ബി അനുമതി ലഭ്യമാക്കിയത്. ഇതിന്റെ കരാർ തുക ₹49.04 കോടി രൂപയാണ്. ഏകദേശം 61 ശതമാനത്തോളം പദ്ധതി പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 23 പുലിമുട്ടുകളുടെയും ബാക്കിയുള്ള പുലിമുട്ടുകൾക്ക് വേണ്ടിയുള്ള ടെട്രാപോഡുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. ഇതിൽ കല്ലുകൾ ഇറക്കുവാനുള്ള വെയ്റ്റ് ബ്രിഡ്ജുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കാട്ടൂരിൽ 18066 എണ്ണം 2 ടൺ ടെട്രാപോഡുകളും, 2029 എണ്ണം 5 ടൺ ടെട്രാപോഡുകളും, നിർമ്മിച്ചുകഴിഞ്ഞു.

2. ആലപ്പഴ മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന ആലപ്പഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണ പദ്ധതി: പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിനും രണ്ടാം ഘട്ടത്തിനും ചേർന്ന് ₹96.50 കോടി രൂപയുടെ ധനസഹായമാണ് കിഫ്ബിയിൽ നിന്ന് ലഭ്യമായത്. നിലവിൽ കെ.ഐ.ഐ.ഡി.സി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ടൗണിലെ 9 പ്രധാന കനാലുകളുടെ മാലിന്യം നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുകയും ആലപ്പഴ-ചേർത്തല കനാലിന്റെ കുറുകെയുള്ള 9 മണൽ ബണ്ടുകൾ നീക്കം ചെയ്ത് കോൺക്രീറ്റ് കലുങ്കുകൾ ആക്കുകയും ചെയ്യുന്നതാണ് പദ്ധതി പ്രവൃത്തികൾ. ഏകദേശം 96 ശതമാനത്തോളം പദ്ധതി പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ₹48.35 കോടി രൂപയാണ് കരാർ തുക. ഇതിൽ 3 കലുങ്കുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ബാക്കിയുള്ള 6 കലുങ്കുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു. രണ്ടാം ഘട്ട പദ്ധതിയുടെ ടെൻഡർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.